**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5348** **03-11-2021 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവ്വീസസ് പരീക്ഷയ്ക്ക് വേണ്ടി മികച്ച പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസരംഗത്ത് രാജ്യത്ത് ഒന്നാമതായ കേരളീയർ സിവിൽ സർവ്വീസ് പോലുള്ള മത്സരപരീക്ഷകളിൽ അടുത്ത കാലത്തായി മികവ് പുലർത്തുന്നുവെന്നും സിവിൽ സർവ്വീസ് ബാലികേറാമലയാണെന്ന ധാരണ മാറ്റിക്കൊണ്ടിരിക്കുകയാണെന്നും കരുതുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ കഴിഞ്ഞ വർഷം സിവിൽ സർവ്വീസ് ഫലത്തിൽ ആദ്യത്തെ നൂറിൽ എത്രപേർ മലയാളികളായിരുന്നുവെന്നും ആയത് ഈ വർഷം എത്രയാണെന്നും വ്യക്തമാക്കാമോ; ഇതിൽ പെൺകുട്ടികളുടെ മികവ് എടുത്തുപറയേണ്ടതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | സംസ്ഥാനത്ത് നിലവിൽ സിവിൽ സർവ്വീസിന് മികച്ച പരിശീലനം നൽകുന്ന എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) | സെൻറർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരളയുടെ കീഴിൽ കോട്ടയം ,ഇടുക്കി ജില്ലകളിലൊഴികെ 12 ജില്ലകളിൽ കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമി സബ് സെന്ററുകൾ പ്രവൃത്തിച്ചു വരുന്നുണ്ട്. സെൻററുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. തിരുവനന്തപുരം 2. കൊല്ലം 3. കോന്നി (പത്തനംതിട്ട) 4.ചെങ്ങന്നൂർ (ആലപ്പുഴ) 5.മൂവാറ്റുപുഴ (എറണാകുളം) 6.ആളൂർ (തൃശ്ശൂർ) 7. പാലക്കാട് 8.ICSR , പൊന്നാനി(മലപ്പുറം) 9. കോഴിക്കോട് 10. കല്പ്പറ്റ (വയനാട്) 11.കല്യാശ്ശേരി (കണ്ണൂർ) 12.കാഞ്ഞങ്ങാട് (കാസർഗോഡ്) സ്വകാര്യ പരിശീലന സ്ഥാപനങ്ങളുടെ വിവരം ലഭ്യമല്ല. |
| (ഡി) | സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാഡമിയുടെ മാതൃകയിൽ ജില്ലാ കേന്ദ്രങ്ങളിൽ പരിശീലനത്തിനായി നിലവിലുള്ള സൗകര്യങ്ങൾ സുസജ്ജമാക്കിയാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരടക്കം | (ഡി) | കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ ജില്ലകളിൽ പ്രവർത്തിക്കുന്ന സബ് സെൻററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് വഴി സാമ്പത്തികമായും പിന്നോക്കം നില്ക്കുന്നവരടക്കം കൂടുതൽപേർക്ക് സിവിൽ സർവീസ് പരിശീലനം നല്കുന്നതിനു സാധിക്കുന്നതാണ്. നിലവിൽ , Plan |

| | | | |
|---|---|---|---|
| | കൂടുതൽ പേർക്ക് സിവിൽ സർവ്വീസ് നേടാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; | | Scheme ന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന 100 വിദ്യാർത്ഥികൾക്ക് 40,000/-രൂപ വീതം സാമ്പത്തിക സഹായം നല്കിവരുന്നുണ്ട്. കൂടാതെ SC/ST വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യ പരിശീലനം നല്കി വരുന്നു. ICSR പൊന്നാനിയിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട (50%) വിദ്യാർത്ഥികൾക്കും സൗജന്യ പരിശീലനം നല്കുന്നുണ്ട്. വിവിധ സബ്സെൻററുകളുടെ അടിസ്ഥാന സൗകര്യവികസനം പദ്ധതി വകയിരുത്തലിലൂടെയും കൂടാതെ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു വരുന്നു. |
| (ഇ) | എങ്കിൽ മേൽപ്പറഞ്ഞ ലക്ഷ്യത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ ജില്ലകളിൽ പ്രവർത്തിക്കുന്ന സബ് സെൻററുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് വഴി സാമ്പത്തികമായും പിന്നോക്കം നില്ക്കുന്നവരടക്കം കൂടുതൽപേർക്ക് സിവിൽ സർവീസ് പരിശീലനം നല്കുന്നതിനു സാധിക്കുന്നതാണ്. നിലവിൽ , Plan Scheme ന്റെ ഭാഗമായി കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന 100 വിദ്യാർത്ഥികൾക്ക് 40,000/-രൂപ വീതം സാമ്പത്തിക സഹായം നല്കിവരുന്നുണ്ട്. കൂടാതെ SC/ST വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യ പരിശീലനം നല്കി വരുന്നു. ICSR പൊന്നാനിയിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട (50%) വിദ്യാർത്ഥികൾക്കും സൗജന്യ പരിശീലനം നല്കുന്നുണ്ട്. വിവിധ സബ്സെൻററുകളുടെ അടിസ്ഥാന സൗകര്യവികസനം പദ്ധതി വകയിരുത്തലിലൂടെയും കൂടാതെ എം.എൽ.എ മാരുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തുകയും ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ